സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

March 2025
Vol. 1 Issue 3 pages 64-69

പാലൈ
PALAI பாலை
ISSN No: 3049-0316

# വിലായത്ത് ബുദ്ധ: അന്യവൽക്കരണത്തിന്റെ സ്വത്വപ്രതിസന്ധികൾ



**ഡോ. അർച്ചന എ.കെ.***

**സംഗ്രഹം**

മലയാള നോവലിന്റെ ഭാവുകത്വ പരിണാമത്തിൽ പ്രാധാന്യത്തോടെ ചർച്ച ചെയ്യപ്പെട്ട നോവലാണ് ജി.ആർ. ഇന്ദുഗോപന്റെ വിലായത്ത് ബുദ്ധ. സാമൂഹിക/ സാംസ്കാരിക മണ്ഡലങ്ങളിൽ നിന്നും അന്യവൽക്കരിക്കുന്ന മനുഷ്യാവസ്ഥയുടെ പരിച്ഛേദം എന്ന് ഈ കൃതിയെ വിശേഷിപ്പിക്കാം. ഇതിലെ കഥാപാത്രാവിഷ്കാരത്തെ പാശ്ചാത്യസാഹിത്യത്തിൽ ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുള്ള അസ്തിത്വവാദ-അന്യവൽക്കരണ ദർശനങ്ങൾ കൊണ്ട് വിലയിരുത്താനാണ് ഈ പഠനത്തിൽ ശ്രമിക്കുന്നത്. തന്റെ തന്നെ ജീവിത പരിസരത്തിലേയ്ക്ക് ഉൾവലിയുന്ന കഥാപാത്രങ്ങളും അവർ അനുഭവിക്കുന്ന സംഘർഷങ്ങളുമാണ് അസ്തിത്വവാദഭാവുകത്വത്തെ അടയാളപ്പെടുത്തുക. വിലായത്ത് ബുദ്ധയിലെ കഥാപാത്ര സന്നിവേശവും വൈകാരികതയെ തീവ്രഭാവത്തിൽ പ്രതിഫലിപ്പിച്ചുകൊണ്ട് നിലകൊള്ളുന്നതാണ്. സമൂഹം വ്യക്തിയുടെമേൽ സൃഷ്ടിക്കുന്ന ബദലുകൾ ആന്തരിക സംഘർഷങ്ങളായി രൂപം കൊള്ളുകയും അതിൽനിന്നു പുറത്തു കടക്കാനാവാത്ത വിധത്തിൽ വ്യക്തി സാമൂഹികബന്ധം പരിത്യജിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ കഥാപാത്രങ്ങളും സമൂഹവും തമ്മിലുള്ള വൈയക്തികബന്ധത്തിൽ ഉടലെടുക്കുന്ന അന്യവത്കരണ/ അസ്തിത്വവാദ പ്രശ്നങ്ങൾ വിലായത്ത് ബുദ്ധയുടെ ആദ്യാവസാനം ദർശിക്കാം. പ്രമേയഘടന, വൈരുദ്ധ്യത്തിന്റെ സൗന്ദര്യശാസ്ത്രം, അന്യവൽക്കരണം, രൂപക പ്രതിനിധാനങ്ങൾ, കഥാപാത്രവൽക്കരണം, ഉപസംഹാരം എന്നീ വിധം വിഷയത്തെ ക്രോഡീകരിച്ചിരിക്കുന്നു.

**താക്കോൽ വാക്കുകൾ:** അസ്തിത്വവാദം - വൈയക്തികവാദം - സത്താദർശനം - അന്യവത്കരണം - രൂപകം - ഭാവാത്മകത

* അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം സി.എം.എസ്. കോളേജ് (ഓട്ടോണമസ്), കോട്ടയം.
Ph: 9446610155, Email: archanaak@cmscollege.ac.in

മാനവനെ സംബന്ധിക്കുന്ന ആശയപരവും ആദർശാധിഷ്ഠിതവുമായ പ്രക്രിയകളിൽ നിന്നും സാമൂഹ്യ വ്യവസ്ഥകളിൽ നിന്നും സ്വയം അപരവൽക്കരിക്കുന്നതിനെയാണ് അന്യവൽക്കരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പ്രാചീനഘട്ടം മുതൽ അന്യവൽക്കരണം എന്ന പദം വിവിധ അർത്ഥത്തിൽ സാഹിത്യത്തിൽ പ്രതിപാദിതമായിട്ടുണ്ട്. പ്ലോട്ടിനസ് (270 CE) പോലുള്ള നിയോപ്ലാറ്റോണിക് തത്വചിന്തകരിൽ ആണിതിന്റെ പ്രാരംഭം സൂചിതമാകുന്നത്. ദൈവനിഷേധം, ആത്മാവിനോടുള്ള വിയോജിപ്പ്, നിഷേധാത്മക സ്വഭാവം എന്നീ നിലകളിലായിരുന്നു ഇവ അന്നേകാലത്ത് അടയാളപ്പെടുത്തിയിരുന്നത്. പുരാതന റോമൻ കാലത്ത് അന്യവൽക്കരണം എന്നത് നിയമ രാഷ്ട്രീയ അർത്ഥതലത്തിലായിരുന്നു പ്രയോഗിച്ചിരുന്നത്. സ്വത്തുമായി ബന്ധപ്പെട്ട ചർച്ചയുടെ ഭാഗമായി ഉടലെടുത്ത അന്യാധീനപ്പെടുത്തുക, ഉടമസ്ഥാവകാശം കൈമാറുക തുടങ്ങിയ പ്രരൂപങ്ങളിലുള്ള അർത്ഥതലങ്ങളും ഉണ്ടായിരുന്നു. ഈ ഘട്ടത്തിൽ തന്നെ ഭിഷഗ്വരന്മാർ അസ്വസ്ഥമായ, ബുദ്ധിമുട്ടുള്ള തുടങ്ങിയ മാനസികാവസ്ഥകളെ സൂചിപ്പിക്കാനും അന്യവൽക്കരണം എന്ന പദം ഉപയോഗിച്ചിരുന്നു. രാഷ്ട്രീയവും സാമൂഹികവുമായി ഏറെ പ്രാധാന്യം ഈ പദത്തിന്റെ സാമൂഹികാവിഷ്കരണങ്ങളുടെ ആദ്യഘട്ടങ്ങൾ മുതൽതന്നെ ഉണ്ടായിരുന്നു.

ലാറ്റിൻ പദമായ Alienato (ഒറ്റപ്പെട്ടത്) എന്നതിൽ നിന്നാണ് Alienate, Andalienation എന്നീ പദങ്ങൾ ഉണ്ടായിരിക്കുന്നത്. ഗ്രീക്ക ഭാഷയിൽ അനോമി, അനോമിയ എന്നിവയും അന്യവൽക്കരണത്തെ സൂചിപ്പിക്കാനുപയോഗിക്കുന്ന പദങ്ങളാണ്. 'അനോമി' സമൂഹത്തിൽ നിന്നുള്ള അന്യവൽക്കരണവും 'അനോമിയ' എന്നത് സ്വയം നടത്തുന്ന അന്യവൽക്കരണവുമാണ്. എമിലി ഡാർഖൈം (Emile Durkheim) 'അനോമി'യും വ്യക്തിക്കു സംഭവിക്കുന്ന അന്യവത്ക്കരണം തന്നെയാണെന്ന് The Division of Labour in Society-1893 ൽ അഭിപ്രായപ്പെടുന്നുണ്ട്. വ്യക്തിയുടെ സ്വഭാവം ക്രമപ്പെടുത്തിയിരിക്കുന്നത് സാമൂഹികമായി പരുവപ്പെടുത്തിയിരിക്കുന്ന സാംസ്കാരികമായ സ്ഥലികയ്ക്കുള്ളിലായതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. സമൂഹത്തിന്റെ പ്രത്യയശാസ്ത്രത്തിനനുസൃതമായി വ്യക്തി ക്രമപ്പെടുത്തി അവതരിപ്പിക്കുന്ന വ്യക്തിത്വം അയാളുടെ ആത്മചോദനയെ പൂർണമായി പ്രതിഫലിപ്പിക്കുന്നതാവില്ല. സാഹിത്യത്തിലിത് കഥാപാത്രത്തിന്റെ അബോധതലവുമായി ബന്ധപ്പെട്ടു വരുന്നു. അബോധത്തിന് ചിട്ടയായ സാമൂഹ്യപ്രക്രിയയിൽ സംതൃപ്തകരമല്ലാത്ത രീതിയിൽ പ്രവർത്തിക്കേണ്ടി വരുമ്പോഴാണ് സാഹിത്യകൃതിയിലെ/ആഖ്യാനകഥാപാത്ര ഘടകങ്ങളിലെ സംഘർഷഭാവുകത്വഅനുമായി അനുവാചകനിൽ പ്രകടമാകുന്നത്.

19-ാം നൂറ്റാണ്ടിൽ സോറൻ കീർക്കെഗാർഡിന്റെ സാഹിത്യകൃതികളുടെ വിശകലനത്തിലാണ് അസ്തിത്വവാദ/ അന്യവൽക്കരണ ദർശനങ്ങളുടെ സൈദ്ധാന്തികതലം അവതരിപ്പിക്കപ്പെടുന്നതും ചർച്ച ചെയ്യപ്പെടുന്നതും. ഉത്കണ്ഠ, നിരാശ, വൈയക്തികത തുടങ്ങിയ അതിതീവ്രഭാവങ്ങൾ വ്യക്തിയിൽ സൃഷ്ടിക്കുന്ന ആന്തരികസംഘർഷങ്ങളോടു ചേർത്തു ചർച്ചചെയ്തു തുടങ്ങിയതും. അസ്തിത്വവാദവും അന്യവൽക്കരണവും പരസ്പരവിനിമയ പ്രധാനമായ മാനസികാവസ്ഥകളാണ്. ജീൻ പോൾ സാർത്രിന്റെ അസ്തിത്വവാദം ഒരു ഹ്യൂമനിസം Existentialism is a Humanisam-1945) എന്ന പുസ്തകം അസ്തിത്വവാദപരമായ ആശയങ്ങളുടെ പ്രകടനപത്രികയായി വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള കൃതിയാണ്. സാഹചര്യങ്ങളാൽ ചുറ്റപ്പെട്ട മനുഷ്യന്റെ അതിതീവ്രമായ വൈകാരിക സംഘർഷങ്ങളും ഉൾപ്പെടുന്നതാണ് അവന്റെ സത്തയുടെ പരിസരം എന്ന പ്രസ്താവന ആധുനിക സാഹിത്യത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട ഒന്നാണ്. വ്യക്തിയുടെ പ്രവർത്തനങ്ങൾക്ക് അവന്റെ സാമൂഹിക പ്രതിപ്രവർത്തനങ്ങളിൽ വലിയ പങ്കുണ്ടെന്ന ദർശനമാണിവ പങ്കുവെയ്ക്കുന്നത്. കാഫ്കയുടെ കൃതികളിലാണ് പാശ്ചാത്യസാഹിത്യത്തിൽ ഇതിന്റെ അനുരണനങ്ങൾ ആദ്യം കാണുന്നത്. രൂപാന്തരീകരണം (Metamorphosis), വിചാരണ (The Trial), കോട്ട (The Castle) തുടങ്ങിയ കൃതികൾ അസ്തിത്വവാദ ദർശനത്തിന്റെ മൂർദ്ധന്യരൂപമാണ്. കാഫ്കയുടെ 'രൂപാന്തരീകരണം' എന്ന കഥയിലാണ് അസ്തിത്വവാദപരമായ സംഘർഷം ആദ്യം പ്രതിപാദിതമാകുന്നത്. ഹെർമൻ ഹെസ്സെയുടെ നോവലായ 'ദി സ്റ്റെപ്പൻ പോൾഫ്' എന്ന കൃതിയിലെ നായകനായ ഹാരി ഹാലർ തന്റെ വ്യക്തിത്വത്തെക്കുറിച്ച് സദാ ആശയക്കുഴപ്പത്തിലാകുന്ന അസ്തിത്വദർശനമാണ് ആഖ്യാനവത്കരിച്ചിരിക്കുന്നത്. അന്യവൽക്കരിക്കപ്പെട്ട നായകൻ ഇരുപതാം നൂറ്റാണ്ടിന്റെ ഭൂരിഭാഗം കൃതികളിലും ഉണ്ട്. ആദ്യഘട്ടങ്ങളിൽ തന്നെ അമേരിക്കൻ ഫിക്ഷനും യൂറോപ്യൻ ഫിക്ഷനും അന്യവൽക്കരണാവസ്ഥ കൈകാര്യം ചെയ്തിട്ടുണ്ട്. സാമൂഹികമായി പുറന്തള്ളപ്പെടുന്ന വ്യക്തിയിൽ വ്യക്തിത്വത്തിന്റെ തനിമയ്ക്കായുള്ള അന്വേഷണം സാധാരണ വിഷയമായി മാറുന്നത് സാഹിത്യഭാവുകത്വത്തിൽ ഏറെ സ്വാധീനം ചെലുത്തുന്നതാണ് പിന്നീട് നാം കാണുന്നത്.

 ISSN No: 3049-0316


## പ്രമേയ ഘടന

ഉത്തരാധുനിക കാലഘട്ടത്തിൽ രചന നിർവഹിച്ച കൃതിയായ വിലായത്ത് ബുദ്ധയുടെ ആഖ്യാനതലത്തിൽ പ്രതിഫലിക്കുന്ന സ്വഭാവ സവിശേഷതകളെല്ലാം ആധുനിക സമൂഹത്തിന്റേതാണ്. ആധുനിക കാലഘട്ടത്തിലെ കൃതികളിൽ ശക്തമായ സാന്നിധ്യമായുണ്ടായിരുന്ന വൈയക്തിക സംഘർഷങ്ങളാണ് ഈ കൃതിയുടെ ജീവൻ. മനുഷ്യനെ സംബന്ധിക്കുന്ന നിയതികളെയും അതിന്റെ റദ്ദാക്കലുകളെയും ആവിഷ്ക്കരിച്ചിരിക്കുന്ന നോവലാണ് ജി.ആർ. ഇന്ദുഗോപന്റെ വിലായത്ത് ബുദ്ധ (2020). വൈരുദ്ധ്യ ഘടകങ്ങളിലൂടെ രൂപപ്പെടുത്തിയിരിക്കുന്ന ഇതിലെ കഥാപാത്ര ഘടന അസ്തിത്വവാദപരമായ സംഘർഷങ്ങളെ പൂർത്തീകരിക്കുന്നു. മനുഷ്യനിടപെടുന്ന സമകാലിക ജീവിത സാഹചര്യങ്ങളിലും സാമൂഹിക - രാഷ്ട്രീയ ഘടകങ്ങളിലും അവനെ/അവളെ തുണവൽക്കരിക്കുന്ന പ്രത്യയശാസ്ത്ര വീക്ഷണമാണ് വിലായത്ത് ബുദ്ധയിലും കാണാനാവുക. ചെറുതും വലുതുമായ ഒട്ടനവധി വൈയക്തിക പ്രശ്നങ്ങൾ സംവാദരൂപത്തിൽ കോർത്തിണക്കിയിരിക്കുന്ന ഭാവുകത്വതലത്തെ; വ്യക്തി വ്യക്തിയോടു തന്നെ നടത്തുന്ന സംവാദമായും സാമൂഹിക തലത്തിൽ പ്രത്യയശാസ്ത്ര ഘടകങ്ങളോടുള്ള സംവാദമായിട്ടും വായിക്കാം. മനുഷ്യൻ, അവനെ സംബന്ധിക്കുന്ന മാനവികത, അതിനെ ചുറ്റിപ്പറ്റിയുള്ള സാമൂഹികത, അതിനോടു ചേർന്നുവരുന്ന സാംസ്കാരികത ഇവിടെയെല്ലാം അന്യവത്കരിക്കപ്പെടുന്ന മനുഷ്യാവസ്ഥ പ്രകടമാണ്. പ്രധാന കഥാപാത്രങ്ങളായ ഋവെള്ള ഭാസ്കരൻ മാഷ്, ഡബിൾ മോഹനൻ, ചെമ്പകം, ചൈതന്യം, ഭാസ്കരൻ മാഷിന്റെ മകൻ അനി എന്നിവരെല്ലാം സാമൂഹ്യമായ അസ്തിത്വ പ്രതിസന്ധി അനുഭവിക്കുന്നവരും അതിനെ അതിജീവിക്കാൻ ശ്രമിക്കുന്നവരും ആണ്.

സാമൂഹിക/സാംസ്കാരിക ഇടങ്ങളിൽ തികഞ്ഞ സാമൂഹ്യപരിവേഷമുള്ള വ്യക്തിത്വത്തിനുടമയാണ് ഇതിലെ കേന്ദ്ര കഥാപാത്രം ഭാസ്കരൻ മാഷ്. മാഷിന്റെ ജീവിതത്തിൽ സംഭവിച്ച ഒരു ദുരന്തമാണ് ഈ നോവലിന്റെ ആഖ്യാനതലത്തെ നിർണയിക്കുന്നതും നയിക്കുന്നതും. തയ്യൽക്കാരൻ പീറ്ററിന്റെ പീടികയിലേക്ക് സ്ഥലത്തെ അറിയപ്പെടുന്ന വേശ്യയായ ചെമ്പകത്തിന്റെ വീടിന്റെ പിന്നാമ്പുറത്തെ വഴിയിൽ സഞ്ചരിക്കുന്ന മാഷ് അവളുടെ വീടിന്റെ സെപ്റ്റിക് ടാങ്കിൽ വീഴുന്നു. അതോടെ ഋവെള്ള ഭാസ്കരൻ മാഷ് എന്നറിയപ്പെടുന്ന മാഷ്, തീട്ടം ഭാസ്കരൻ എന്നറിയപ്പെട്ടു തുടങ്ങുന്നു. പുത്രനായ അനിയെയും സമൂഹം പലവിധത്തിൽ കളിയാക്കുന്നു. ഇതേ സന്ദർഭത്തിൽ മാഷിന്റെ പഴയ ശിഷ്യനും പ്രശസ്ത ചന്ദനക്കടത്തുകാരനുമായ ഡബിൾമോഹനൻ അദ്ദേഹത്തിന്റെ ജീവിതത്തിൽ നിരന്തരം സംഘർഷങ്ങൾ സൃഷ്ടിച്ചുകൊണ്ട് കടന്നുവരുന്നു. തീട്ടത്തിൽ വീണ തന്റെ നാറ്റം മരണത്തോടെ ഇല്ലാതാവണമെന്ന ആഗ്രഹത്താൽ മുറ്റത്തു മാഷ് വളർത്തിയ ചന്ദനമരം വിലായത്ത് ബുദ്ധ എന്നയിനത്തിൽപ്പെട്ട മുന്തിയ ഒന്നാണെന്ന കണ്ടെത്തലാണ് മാഷിന്റെ ജീവിതത്തെ ആന്തരികസംഘർഷങ്ങളിലേക്ക് നയിച്ച പ്രധാന കാരണങ്ങളിലൊന്ന്. നല്ല മേന്മയുള്ള ചന്ദനം കടത്തി വിൽക്കുന്ന ഡബിൾ മോഹനൻ മാഷിനോട് ഈ ചന്ദനമരം തനിക്ക് വേണമെന്നും നല്ല വില നൽകാമെന്നും ആവശ്യപ്പെടുന്നു. മരണശേഷം തന്നെ ദഹിപ്പിക്കുവാനുള്ള ചന്ദനമരത്തെ മോഹനനിൽ നിന്നും സംരക്ഷിക്കാൻ മാഷ് സ്വീകരിക്കുന്ന മാർഗങ്ങളാണ് അതിവൈകാരികവും സംഘർഷഭരിതവുമായ പശ്ചാത്തലത്തിലൂടെ ഈ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്. ചെമ്പകവും മകൾ ചൈതന്യവും സമൂഹത്തിൽ നിന്നും അപരവൽക്കരണം നേരിടുന്ന കഥാപാത്രങ്ങളാണ്. സമൂഹം ചെമ്പകത്തെ വിശേഷിപ്പിക്കുന്ന വേശ്യയുടെ മകൾ എന്ന പേരുദോഷം ഒഴിവാക്കുന്നതിനും തന്റെ പ്രണയിനിയോടുള്ള സ്നേഹത്താലും അവളുടെ പേരിൽ മലയിലേയ്ക്ക് ഒരു റോഡ് വെട്ടി അതിലേയ്ക്ക് വണ്ടി ഓടിച്ചുകയറി പോകുന്നുണ്ട് മോഹനൻ. എല്ലാവരെയും ഭീഷണിപ്പെടുത്തിയും ചന്ദനം കടത്തിയും ജീവിക്കുന്ന മോഹനന് ഏറ്റവും ബഹുമാനവും സ്നേഹവും നൽകുന്ന വ്യക്തി ചെമ്പകമാണ്. ഭാസ്കരൻ മാഷ്, അനി, ഡബിൾ മോഹനൻ, ചെമ്പകം, ചൈതന്യം എന്നിവരിലൂടെ അനുസ്യൂതം പ്രവഹിക്കുന്ന കഥാഖ്യാനതലത്തിൽ എല്ലാ കഥാപാത്രങ്ങളിലും അസ്തിത്വവ്യഥ ദർശിക്കാനാവും. ഭയം, ഉത്കണ്ഠ, ആകാംക്ഷ എന്നിവയാൽ ഭരിക്കപ്പെടുന്ന തീട്ടം ഭാസ്കരന്റെ മനോവൃത്തിയിലാണ് ഭാവതീവ്രതയോടെ ആ സംഘർഷതലം കൂടുതലായി ദർശിക്കാനാവുക. ക്രിയാവിചിത്രമായ ബാഹ്യജീവിതത്തിൽ കഥാപാത്രത്തിന്റെ വൈയക്തികതലത്തിൽ സൃഷ്ടിക്കപ്പെടുന്ന വൈകാരിക പ്രതികരണങ്ങളും വിലായത്ത് ബുദ്ധയിലെ സ്വാധീനതാഘടകങ്ങളിൽ പ്രധാനപ്പെട്ടതാണ്.

## വൈരുദ്ധ്യത്തിന്റെ സൗന്ദര്യശാസ്ത്രം

ആഖ്യാനരീതിതന്നെ കഥാപാത്രങ്ങളുടെ ആന്തരിക സംഘർഷങ്ങളുടെ വൈരുദ്ധ്യങ്ങളിൽനിന്നു രൂപം കൊള്ളുന്ന പോലെയാണ്. കേന്ദ്രകഥാപാത്രമായ ഭാസ്കരൻ മാഷ് താനകപ്പെട്ടിരിക്കുന്ന

പ്രതിസന്ധിയെ അതിജീവിക്കാൻ കണ്ടെത്തുന്ന വഴി തന്റെ മരണശേഷം 'ദേഹം' ചന്ദനച്ചിതയിൽ ദഹിപ്പിച്ച് സുഗന്ധപൂരിതമാക്കുക എന്നതാണ്. ഇതിനായി വീട്ടുമുറ്റത്ത് വളർന്നുകൊണ്ടിരിക്കുന്ന വിലായത്ത് ബുദ്ധ എന്ന മഹനീയമായ ചന്ദനമരം രാവും പകലും അദ്ദേഹം സംരക്ഷിക്കുന്നു. ഈ ഇനത്തിൽപെട്ട ചന്ദനമരങ്ങൾ ബുദ്ധവിഗ്രഹങ്ങൾ നിർമ്മിക്കാനാണ് ഉപയോഗിക്കുന്നത്. ഈ ചന്ദനത്തടിയിൽ ദഹിപ്പിക്കുന്നതിലൂടെ തന്റെ പേരുദോഷം മാറിക്കിട്ടുമെന്നും സുഗന്ധപൂരിതമായി തന്റെ വ്യക്തിത്വം നിലനിർത്താൻ കഴിയുമെന്നും അദ്ദേഹം ആശിക്കുന്നു. എന്നാൽ അതിലേക്കുള്ള സഞ്ചാരം ഭാസ്കരൻ മാഷിൽ വലിയ സംഘർഷങ്ങൾക്ക് വഴിയൊരുക്കുന്നു.

ശുവെള്ള വസ്ത്രധാരിയായി നന്മയുള്ളവനായി അറിയപ്പെടുന്ന ഭാസ്കരൻ മാഷ് പിന്നീട് തീട്ടം ഭാസ്കരൻ എന്ന വിളിപ്പേരിലാണ് അറിയപ്പെടുന്നത്. തീട്ടം വിശേഷണമായി വന്നപ്പോൾ മാഷ് എന്ന ബഹുമാനസൂചകാർത്ഥമായ പേര് സമൂഹത്തിന് ആവശ്യമില്ലാതായി. ഇതുപോലെയാണ് ചന്ദനമരത്തിന്റെ അവസ്ഥയും. വിലായത്ത് ബുദ്ധ ചന്ദനമരത്തിലെ നല്ല കാതലുള്ള ഇനമാണ്. കാതലിന്റെ മഞ്ഞ നിറം അമേധ്യത്തിന്റെ മഞ്ഞ നിറവുമായി താദാത്മ്യപ്പെടുത്തി നോവലിസ്റ്റ് ഈ വൈരുദ്ധ്യത്തിന്റെ സന്നിഗ്ദതലം അവതരിപ്പിക്കുന്നു. ബുദ്ധൻ അഹിംസയുടെ പ്രതിരൂപമാണ്. അങ്ങനെയുള്ള മഹനീയമായ ബുദ്ധവിഗ്രഹം ഉണ്ടാക്കേണ്ട വിലായത്ത് ബുദ്ധയാണ് തീട്ടം ഭാസ്കരന് ചിതയൊരുക്കുവാനായി വളർന്നു മുറ്റി നിൽക്കുന്നത്. ചെമ്പകത്തിന്റെ മകൾ ചൈതന്യവും ഭാസ്കരൻ മാഷിന്റെ മകൻ അനിയും ചേർന്ന് ചന്ദനം മുറിച്ചുമാറ്റി ഒളിപ്പിക്കുന്നതും ചെമ്പകത്തിന്റെ വീടിന്റെ പിന്നാമ്പുറത്തുള്ള സെപ്റ്റിക് ടാങ്കിലാണ്. എവിടെയാണോ ഭാസ്കരൻ മാഷ് വീണത് ആ കുഴിയിൽ തന്നെ ചന്ദനമരവും അവസാനം എത്തിപ്പെടുന്നു. മാഷിന്റെ ജീവിതത്തിലെ സംഘർഷങ്ങൾ മുഴുവൻ ഉരുത്തിരിഞ്ഞത് ഡബിൾ മോഹനൻ കടത്തിക്കൊണ്ടു പോകാതെ തന്റെ ചിതയൊരുക്കാനായി ഈ ചന്ദനമരം കാത്തുസൂക്ഷിക്കുന്നതിലായിരുന്നു. ചന്ദനം മരങ്ങളിലും ബുദ്ധ പ്രതിമ രൂപകല്പന ചെയ്യുന്നതിലും ഉത്തമം ആണെങ്കിലും പരാന്നഭോജിയാണ്. അകിൽ മരത്തിന്റെ സത്ത ഊറ്റിയാണ് അത് വളരുന്നത്. തന്നെക്കാൾ ഗുണമേന്മ കുറഞ്ഞ ഒന്നിനെ ആശ്രയിച്ചു വളരുന്ന ചന്ദനവും സ്വത്ത രഹിതമായ പശ്ചാത്തലത്തിൽ പതിക്കുന്നത് യാദൃശ്ചികമല്ല. അങ്ങനെ പരിശുദ്ധമായ ചന്ദനത്തിന്റെ മണം സെപ്റ്റിക് ടാങ്കിലെ ചീഞ്ഞളിഞ്ഞ മണങ്ങളോടൊപ്പം ലയിക്കുന്നു.

വിലായത്ത് ബുദ്ധയിൽ വൈരുദ്ധ്യാധിഷ്ഠിതമായ ഘടകങ്ങളെ ശക്തമായ സാമൂഹിക വിമർശകരൂപകങ്ങളായി അവതരിപ്പിച്ചിട്ടുണ്ട്. ശുവെള്ള ഭാസ്കരൻ ഒരു സാമൂഹിക രൂപകമാണ്. അതിൽ നിന്നു തീട്ടം ഭാസ്കരൻ എന്നതിലേക്ക് പരിണമിക്കുന്നത് അപരവത്കരണത്തിന്റെ പ്രത്യയശാസ്ത്രത്തെയാണ് സൂചിപ്പിക്കുന്നത്. അമേധ്യത്തിന്റെ മഞ്ഞനിറവും ചന്ദനമരത്തിന്റെ കാതലിന്റെ മഞ്ഞനിറവും തമ്മിൽ സൂചിപ്പിക്കുന്നതും വൈരുദ്ധ്യത്തിന്റെ മറ്റൊരു രാഷ്ട്രീയമാണ്. സാമൂഹികമായി കൽപിച്ചിരിക്കുന്ന സാംസ്കാരിക പരിതഃസ്ഥിതിക്ക് പുറത്തുനിൽക്കുന്ന കഥാപാത്രങ്ങളാണ് ചെമ്പകവും മകൾ ചൈതന്യവും. ശുവെള്ള ഭാസ്കരൻ അദ്ദേഹത്തിന് യോജിച്ച സാമൂഹിക ഘടകത്തിനു പുറത്തു നിൽക്കുന്ന വ്യക്തികളുടെ പിന്നാമ്പുറത്തുള്ള വഴി ഉപയോഗിച്ചതും സെപ്റ്റിക്ടാങ്കിൽ വീണതുമാണ് ഹാനികരമായി തീർന്നത്. വെള്ളയും മഞ്ഞയും നന്മയും തിന്മയും നല്ലതും ചീത്തയും രൂപകതലത്തിൽ വഹിക്കുന്നത് സാമൂഹികമായി കല്പിച്ചിരിക്കുന്ന അർത്ഥസന്നിവേശമാണ്.

## അന്യവൽക്കരണം

കഥാപാത്രങ്ങളുടെ സാമൂഹികാവസ്ഥകളോടുള്ള പ്രതികരണങ്ങൾ അന്യവൽക്കരണം എന്ന ആശയത്തോടനുബന്ധമായ പ്രക്രിയയായിട്ടാണ് വിലായത്ത് ബുദ്ധയിൽ പ്രതിപാദിച്ചിരിക്കുന്നത്. വ്യവസ്ഥാപിതമായ സാമൂഹികത രൂപവൽക്കരിച്ചിരിക്കുന്ന സാമൂഹിക/സാംസ്കാരിക ഘടകങ്ങളാണ് നാട്ടുനടപ്പ് തീരുമാനിക്കുന്നതെന്ന പൊതുവിചാരത്തോട് തന്മയീഭവിക്കുന്ന രീതിയാണ് കേന്ദ്രകഥാപാത്രത്തിനുള്ളത്. ഈ സാമൂഹികാവസ്ഥയാണ് സംഘർഷഭരിതമായ മാനസികഭാവത്തിലേക്കും മാഷ് എന്ന കഥാപാത്രത്തെ നയിക്കുന്നത്. രാഷ്ട്രീയമായ അന്യവൽക്കരണവും ശിഷ്യൻ ഗുരുവിൽ തീർക്കുന്ന മാനസിക സമ്മർദ്ദങ്ങളും മാഷിൽ ഉത്കണ്ഠയും ഭയവും സൃഷ്ടിക്കുന്ന മാനസിക നിലയിലേയ്ക്ക് എത്തിക്കുന്നു. ഭയം കൊണ്ട് സൃഷ്ടിക്കപ്പെടുന്ന സാമൂഹിക പരിസരത്തിൽ മാഷ് തന്റെ വ്യക്തിത്വവും സാമൂഹിക നിലയും മറന്നുപോവുകയും സമൂഹം കൊടുത്തിരിക്കുന്ന രൂപകത്തിലേക്ക് സന്നിവേശിക്കുന്ന വ്യക്തിത്വമായി രൂപാന്തരവത്കരണം നടത്തുകയും ചെയ്യുന്ന പ്രക്രിയ സാമൂഹിക അന്യവൽക്കരണത്തിന് നിദാനമാണ്. കാക്കി പാപ്പുവിന്റെ പ്രസംഗമാണ് ഭാസ്കരൻ മാഷിന് ശുവെള്ള ഭാസ്കരൻ എന്ന പേരിനു പകരം 'തീട്ടം ഭാസ്കരൻ' എന്ന സാമൂഹികരൂപകം/അസ്തിത്വം ഉറപ്പിച്ചു നൽകിയത്. ഈ പ്രസംഗത്തിനു ശേഷമാണ് സാമൂഹികമായി അദ്ദേഹത്തിനുണ്ടായിരുന്ന അസ്തിത്വം

വാല്യം 1 ലക്കം 3 മാർച്ച് 2025 ISSN No: 3049-0316


നഷ്ടമാകുന്നതും. സ്വഭാവഹത്യ നടത്തുക സാമൂഹിക/രാഷ്ട്രീയ ആയുധം കൂടിയാണെന്ന ചിന്തയും നോവൽ പങ്കുവെയ്ക്കുന്നു. അന്യവൽക്കരണത്തിലേക്ക് വ്യക്തിസത്തയെ നയിക്കുന്ന നിശബ്ദതയും വിലായത്ത് ബുദ്ധയിൽ ശക്തമായ പ്രതിനിധാനമായി വരുന്നുണ്ട്. മാഷിനെ ആരോപണ വിധേയമായി സാമൂഹിക വിചാരണ നടത്തുമ്പോഴും നിശ്ശബ്ദതയോടെയുള്ള പിൻതാങ്ങലിലാണ് 'തീട്ടം' എന്ന പേര് ആവർത്തിച്ചുറപ്പിക്കപ്പെട്ട ഒന്നായി തീരുന്നത്. നിഗൂഢമായ വേദനയിലൂടെ കടന്നു പോകുന്ന നോവലിൽ നിറഞ്ഞുനിൽക്കുന്ന കഥാപാത്രമാണ് ഇതിലെ മാഷ്. വർഷങ്ങൾക്കുശേഷം മാഷിനെ വീണ്ടും മൽസരരംഗത്തേയ്ക്കു ക്ഷണിക്കുമ്പോൾ അദ്ദേഹം തുടരുന്ന മൗനം തീവ്രമായ സാമൂഹിക പ്രതിരോധത്തിന്റേതു കൂടിയായി തീരുന്നു.

### രൂപക പ്രതിനിധാനങ്ങൾ

കവിതയിലാണ് പൊതുവെ രൂപകങ്ങൾ ധാരാളമായി കാണുന്നത്. ആശയങ്ങളെ അതിതീവ്രഭാവുകത്വത്തിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കഥയിലും നോവലിലും രൂപകങ്ങളെ ഉപയോഗിക്കാറുണ്ട്. വസ്തുക്കൾ മാത്രമല്ല ഗുണങ്ങളും നിറങ്ങളും പലപ്പോഴും രൂപകങ്ങളായി വരുന്നു. ഈ നോവലിൽ അമേധ്യവും ചന്ദനവും രണ്ടു തരത്തിലുള്ള രൂപകങ്ങളാണ്; സമൂഹസ്വഭാവത്തോടു ചേർത്തു പ്രതിപാദിക്കുമ്പോൾ അവ വലിയ അർത്ഥത്തിലേക്കു അനുവാചകനെ നയിക്കുന്നു. ചന്ദനം, അമേധ്യം, മഞ്ഞ, വെള്ള, ചെമ്പകം, ചൈതന്യം എന്നീ പേരുകൾ .... തുടങ്ങിയവ വലിയ അർത്ഥതലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അമേധ്യത്തിൽ വീണ മാഷോട് സമൂഹവും അതേ ഭാവമാണ് പ്രകടമാക്കുന്നത്. വിലായത്ത് ബുദ്ധ കൊണ്ടുതീർക്കുന്ന മരണാന്തര കർമ്മങ്ങളോടുകൂടി തന്റെ വ്യക്തി ദുഃഖത്തിന് അറുതി വരുമെന്നും 'തീട്ടം' എന്ന തന്റെ പേര് ഇല്ലാതാവുമെന്നും വിശ്വസിക്കുന്ന മാഷ്, വ്യക്തികളും സാമൂഹികയിടങ്ങളും തമ്മിലുള്ള ബന്ധത്തെയാണ് വ്യഞ്ജിപ്പിക്കുന്നത്. ഇത്തരം സന്ദർഭങ്ങളിലെല്ലാം ഈ രൂപക പ്രതിനിധാനങ്ങൾ വലിയ പങ്കു വഹിക്കുന്നുണ്ട്.

### കഥാപാത്രവൽക്കരണം

വിലായത്ത് ബുദ്ധയിൽ വ്യക്തി അനുഭവിക്കുന്ന സാമൂഹിക സംഘർഷങ്ങൾ കഥാപാത്ര സവിശേഷതകളായും ചോദ്യ/ഉത്തര വിനിമയങ്ങളായുമാണ് നിലകൊള്ളുന്നത്. ഇവിടെയെല്ലാം വൈയക്തികതയുടെ തീവ്രമായ സംഘട്ടനമാണ് ഭാവുകത്വത്തെ നിർണയിക്കുന്ന പ്രധാന ഘടകം. ഒരു വ്യക്തി താൻ നിലനിൽക്കുന്ന വ്യവസ്ഥിതിയിൽ അന്യനാകുന്നത്/അന്യനാക്കുന്നത് എപ്രകാരമെന്ന് തീട്ടം ഭാസ്ക്കരന്റെ ഉദാഹരണത്തിലൂടെയാണ് നോവലിൽ വിവരിക്കുന്നത്. ഡബിൾ മോഹനനെ നഷ്ടപ്പെടുന്ന ചെമ്പകത്തിലും തന്റെ പ്രസ്ഥാനത്തിൽ നിന്ന് പുറത്ത് പോകേണ്ടിവരുന്ന ഭാസ്കരൻ മാഷിലും ഒരേ അവസ്ഥയിലാണ് ഈ സാമൂഹികതലം പ്രതിഫലിക്കുന്നത്. കഥാപാത്ര മാനസിക വ്യവഹാരങ്ങളെ സൂക്ഷ്മമായി പ്രതിപാദിക്കുന്ന ബിംബങ്ങളിലും രൂപകങ്ങളിലും വരെ ഈയൊരു സന്നിവേശം സൂക്ഷ്മമായി അടയാളപ്പെടുത്തുന്നുണ്ട്. സമൂഹം രൂപപ്പെടുത്തിയിരിക്കുന്ന സാംസ്കാരിക സംഹിതകൾ കൊണ്ട് വ്യക്തിയുടെ ജീവിതത്തെ നിർണയിക്കുമ്പോൾ വ്യക്തി വ്യവസ്ഥാപിതമായ സാമൂഹിക ഘടകത്തിൽ നിന്നു പുറത്താവുന്നുയെന്ന കേന്ദ്രദർശനവും ഏറെ പ്രസക്തമാണ്. ഭാസ്കരൻ മാഷുടെയും മകൻ അനിയുടെയും സാമൂഹ്യജീവിതത്തിൽ സംഘർഷത്തിന്റെയും ഭയത്തിന്റെയും നൂലിഴപൊട്ടാതെയുള്ള ഭാവതലം സാമൂഹ്യ കേന്ദ്രിതമായാണ് രൂപം കൊള്ളുന്നത്. ഭാസ്കരൻ മാഷ് ആ പ്രദേശത്തുള്ള മറ്റൊരു വീട്ടിലെ സെപ്റ്റിക് ടാങ്കിലാണ് വീണതെങ്കിൽ ഒരുപക്ഷെ ഇത്രയധികം പഴി കേൾക്കേണ്ടി വരുമായിരുന്നില്ല. ചെമ്പകവും മകൾ ചൈതന്യവും സാമൂഹിക ജീവിതത്തിൽ അരികുവൽക്കരിക്കപ്പെട്ടവരാണ്. ഇവരുടെ വീടിന്റെ പിന്നാമ്പുറത്തുള്ള വഴിയിലൂടെ തയ്യൽക്കാരൻ പീറ്ററിന്റെ കടയിലേക്ക് പോകുമ്പോഴാണ് ഭാസ്കരൻ മാഷ് സെപ്റ്റിക് ടാങ്കിൽ വീണതും 'തീട്ടം' എന്ന വിളിപ്പേര് കിട്ടുന്നതും. തീട്ടം എന്ന വിളിപ്പേരിന് നിരവധി സംവർഗങ്ങളെ സൂചിപ്പിക്കുന്ന ശക്തമായ അർത്ഥതലങ്ങളുണ്ട്. അരാഷ്ട്രീയതയുടെയും അവ്യവസ്ഥീകരണത്തിന്റെയും എല്ലാം തലം നമുക്കതിൽ ദർശിക്കാം. പലപ്പോഴും ആധുനിക ഘട്ടത്തിലെ അരാഷ്ട്രീയമായ വ്യവസ്ഥിതിയെ പ്രതിഫലിപ്പിക്കുകയും സ്വയം അതിനു ബദലു സൃഷ്ടിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന സാധാരണക്കാരനായ മനുഷ്യന്റെ പ്രതിനിധിയായും ഭാസ്കരൻ മാഷ് മാറുന്നുണ്ട്. സാമൂഹത്തിലെ പൊതുധാര നിശ്ചയിക്കപ്പെട്ട ഘടകങ്ങളാണ്/വിലക്കുകളാണ് നോവലിലെ ഭാസ്കരൻ മാഷിനെ അന്തർസംഘർഷമുള്ള കഥാപാത്രമാക്കി തീർക്കുന്നത്. അതിൽ നിന്ന് പുറത്തുകടക്കാനുള്ള മാർഗമായിട്ടാണ് വിലായത്ത് ബുദ്ധ എന്ന ചന്ദനമരം കഥാപാത്രമായി വരുന്നത്.

ചെറിയൊരു ആശയത്തെ കഥാപാത്ര സംഘർഷങ്ങളാൽ വലിയ ചിത്രപ്രതലത്തിലെന്നപോലെ ഘടിപ്പിക്കാൻ നോവലിസ്റ്റിന് കഴിഞ്ഞു. ഇതിലെ കഥാപാത്രങ്ങൾക്ക് സമൂഹം, സംസ്കാരം, സമുദായം എന്നിങ്ങനെ വ്യക്തിസത്തയെ നിർണയിക്കുന്ന പലവിധ ഘടകങ്ങളുമായി നിരന്തരം സംഘർഷത്തിലേർപ്പെടേണ്ടി വരുന്നുണ്ട്. ഭാസ്കരൻ മാഷിൽ കാണുന്നത് വ്യക്തിക്കുള്ളിലെയും വ്യക്തിയും സമൂഹവും തമ്മിലുള്ളതുമായ സംഘർഷമാണ്. ഗുരുവും ശിഷ്യനും തമ്മിലുള്ള സംഘർഷമാണ് ഭാസ്കരൻ മാഷും ഡബിൾ മോഹനനും തമ്മിലുള്ള വിനിമയങ്ങളിൽ പ്രതിഫലിക്കുന്നത്. ഭൗതിക പരിസ്ഥിതിയും വ്യക്തിയും തമ്മിലുള്ള സംഘർഷമാണ് കഥയുടെ കാതൽ തന്നെ. നന്മയും തിന്മയും തമ്മിലുള്ള സംഘർഷങ്ങൾക്ക് ഉദാഹരണമാണ് ഗുരുവിലും ശിഷ്യനിലും രൂപപ്പെടുന്ന സംഘർഷതലം. സമൂഹം അച്ഛന് വിലക്കുകൾ ഏർപ്പെടുത്തിയപ്പോൾ അതിന്റെ തിക്തഫലം അനുഭവിക്കുന്നത് മകനാണ്. അതാവട്ടെ അച്ഛനും മകനും തമ്മിലുള്ള ആശയപരമായ സംഘർഷങ്ങളിലേക്കു കൊണ്ടു ചെന്നെത്തിക്കുന്നു. ശരിയും തെറ്റും തമ്മിലുള്ള സംഘർഷം ഭാസ്കരൻ മാഷും ഡബിൾ മോഹനനും തമ്മിലുള്ള ഗുരുശിഷ്യബന്ധത്തിന്റെ പശ്ചാത്തലത്തിൽ സംവാദരൂപേണ കടന്നുവരുന്നുണ്ട്.

## ഉപസംഹാരം

ഭാസ്കരൻ മാഷ് എന്ന കഥാപാത്രത്തിന്റെ അനുഭവലോകത്തിലൂടെ സമൂഹവും വ്യക്തിയും തമ്മിലുള്ള ബന്ധത്തെ അനാവരണം ചെയ്യുകയും വ്യക്തിസത്തയെ പ്രശ്നവൽകരിക്കുകയുമാണ് വിലായത്ത് ബുദ്ധയിൽ. സമൂഹത്തിലെ സദാചാര പ്രവണതകൾ, രാഷ്ട്രീയ വ്യവസ്ഥിതിയിലെ ദുർഗന്ധങ്ങൾ, സാമൂഹിക ആദർശങ്ങളുടെ തിരോധാനം, അജ്ഞത എന്നിങ്ങനെ സാംസ്കാരിക ധ്രുവീകരണത്തിന്റേതായ ധാരാളം വിഷയങ്ങളിവിടെ കടന്നുവരുന്നുണ്ട്. അഹിംസയ്ക്കെതിരായി ചരിക്കേണ്ട ബുദ്ധൻ, സാമൂഹിക തിന്മയ്ക്കെതിരായി മാറേണ്ട മാഷ്, സുഗന്ധപൂരിതമായ ചന്ദനം തുടങ്ങിയവയെല്ലാം അതിന്റെ സത്തകളിൽ നിന്ന് വ്യതിചലിക്കപ്പെട്ട പരിസരത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. സാമൂഹിക സംവിധാനം ക്രമപ്പെടുത്തിയിരിക്കുന്ന വിലക്കുകൾക്കുള്ളിൽ സ്വയം അവരോധിക്കപ്പെട്ടിരിക്കുന്ന ജീവിതമാണ് ഭാസ്കരൻ മാഷിലും ഡബിൾ മോഹനനിലും ചൈതന്യത്തിലും അനിയിലും പ്രതിഫലിക്കുന്നത്; ഈ അവസ്ഥ കൈവരുന്നതാവട്ടെ സാമൂഹിക അന്യവൽക്കരണത്തിന് കഥാപാത്രങ്ങൾ വിധേയരാകുന്നതിനാലാണ്. നോവലിൽ പരാമർശിക്കുന്ന സത്താപരമായ തിരിച്ചറിവുകളും ജൈവികതയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന വസ്തുഭാവതലം നിരവധി സാമൂഹ്യ സാഹചര്യങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടുള്ളതാണ്. മനുഷ്യനിലെ ഭയം എന്ന വികാരത്തെ അതിന്റെ ഉത്തുംഗഭാവത്തിൽ ലളിതമായ ഭാഷയിൽ സങ്കീർണമല്ലാത്ത രീതിയിലാവിഷ്ക്കരിച്ചിരിക്കുന്നുയെന്ന പ്രത്യേകതയും കാണാം. നായകപ്രതിനായക ദ്വന്ദത്തിന്റെ സംഘർഷഭരിതമായ ഭൂമിക, സ്ഥലരാശിയിൽ നിന്ന് അന്യവൽക്കരിക്കപ്പെടുന്നവന്റെ സംഘർഷങ്ങൾ തുടങ്ങിയവ ശക്തമായ പ്രതിനിധാനങ്ങളായി വിലായത്ത് ബുദ്ധയിൽ വായിക്കാം. വൈയക്തികതയുടെ അന്വേഷണമാണ് കഥാപാത്ര വിനിമയത്തിൽ ഏറെയും. ജീവിത സന്ദർഭങ്ങളെ ഇത്ര അമൂർത്തതയോടെ ആവിഷ്കരിച്ചിരിക്കുന്ന കൃതികൾ സമകാലീന സാഹിത്യത്തിൽ നന്നേ കുറവാണ്. കഥാപാത്രവും സമൂഹവും തമ്മിൽ സ്ഥായിയായി നിലനിൽക്കുന്ന ഒരു ബന്ധവും കൃതിയിലൊരിടത്തും കടന്നുവരുന്നില്ലെങ്കിലും ഇവ തമ്മിലുള്ള പാരസ്പര്യത്തിൽ നട്ടംതിരിയുന്ന സ്വത്വമാണ് ഭാവുകത്വതലത്തിലാകമാനം സ്ഫുരിക്കുന്നത്. സമൂഹവും വ്യക്തിയും തമ്മിലുള്ള വിനിമയത്തെ സ്വാധീനിക്കുന്ന വൈകാരികതലത്തിലൂന്നിയാണ് ഈയൊരു മാനം കൃതിയിലാകെ പ്രകടമാകുന്നത്.

## ഗ്രന്ഥസൂചി

1. ഇന്ദുഗോപൻ, ജി.ആർ. വിലായത്ത് ബുദ്ധ. കോട്ടയം; മാതൃഭൂമി ബുക്സ് 2022
2. ജോസ്, പി.കെ. ആധുനിക മലയാള നോവൽ (അസ്തിത്വദർശനവും ആത്മവ്യഥയും). കോഴിക്കോട്; മീഡിയ ഹൗസ്. 2012.
3. രവീന്ദ്രൻ, പി.പി. ആധുനികതയുടെ പിന്നാമ്പുറം. കോട്ടയം; സാഹിത്യപ്രവർത്തക സഹകരണ സംഘം. 2017.
4. രാജശേഖരൻ, പി. കെ. അന്ധനായ ദൈവം മലയാള നോവലിന്റെ 100 വർഷങ്ങൾ. കോട്ടയം; ഡിസി ബുക്സ്. 1999.
5. രാധാകൃഷ്ണൻ ഇളയിടത്ത്. ആധുനികതാവാദങ്ങൾ. കോഴിക്കോട് പ്രോഗ്രസ് ബുക്സ്. 2016.
6. ഷാജി ജേക്കബ്. മലയാള നോവൽ ഭാവനയുടെ രാഷ്ട്രീയം. തിരുവനന്തപുരം; കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 2013.
7. Jean-Paul Sartre. Existentialism is a Humanism. (A lecture by Jean-Paul Sartre given at The Club Maintenant in Paris, on October 29, 1945). Squashed version edited by Glyn Hughes © 2011. Retrieved on 20 July 2023.
8. Reena Mittal. India Theme of Alienation in Modern Literature: The Advent of Existentialism, With Life as Seen Through Indian English Fiction Writers. (The Asian Conference on Arts & Humanities 2018 Official Conference Proceedings) Retrieved on 20 July 2023.